(ബി) സംസ്ഥാനത്തിന്റെ കട ബാദ്ധ്യത കുറച്ചു കൊണ്ടു വരുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1995-96-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം നടപ്പുവർഷത്തെ റവന്യൂ വരുമാനത്തിന്റെ 17.8% പലിശ ഇനത്തിൽ കൊടുക്കേണ്ടിവരുന്നു.

(ബി) നികുതി ഘടനയിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും, നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ചും കൂടുതൽ വിഭവ സമാഹരണം നടത്തുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇപ്രകാരം സ്വരൂപിക്കുന്ന വരുമാനംകൊണ്ട് സർക്കാരിന് പ്രയാസം കൂടാതെ വായ്പകൾ തിരിച്ചടയ്ക്കുവാൻ കഴിയുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതിവഴി സമാഹരിക്കുന്ന തുക

8. [1787] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 സാമ്പത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ എത്ര രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് ;

(ബി) ഇതുവരെ എന്തു തുക സമാഹരിച്ചു ?

ഉത്തരം

(എ) 1995-96 സാമ്പത്തികവർഷം ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ 600 കോടി രൂപ മിച്ച നിക്ഷേപമാക്കി സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) ജനുവരിമാസം വരെ മിച്ച നിക്ഷേപമായി 216 കോടി രൂപ സമാഹരിച്ചു.

ആഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ചെലവഴിച്ച തുക

9. [1788] ശ്രീ. ഇ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96-ലെ ബഡ്ജറ്റിൽ ട്രഷറി, നാഷണൽ സേവിംഗ്സ്, ലോക്കൽ ഫണ്ട് ആഡിറ്റ്, സ്റ്റേറ്റ് ഇൻഷ്വറൻസ് എന്നീ വകുപ്പുകൾക്ക് ഒരു ആഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുക നിർദ്ദിഷ്ട ലക്ഷ്യത്തിനുവേണ്ടി ചെലവഴിച്ചോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തുക എന്തിനുവേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1995-96-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന തുക കോംപ്ലക്സിനു അനുയോജ്യമായ സ്ഥലം ഇതുവരെയും കണ്ടു പിടിക്കാൻ സാധിക്കാത്തതിനാൽ ഭരണാനുമതി പുറപ്പെടുവിക്കുവാനും ബഡ്ജറ്റിൽ വകയിരുത്താനും കഴിഞ്ഞിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly